കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

# ഗവ. എൽ.പി സ്കൂൾ മുണ്ടക്കൈ



സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

# അക്കാദമിക മാസ്റ്റർ പ്ലാൻ

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## ആമുഖം

വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിലെ മുണ്ടക്കൈ എന്ന ഗ്രാമം ജില്ലയുടെ ഒരു അതൃത്തി പ്രദേശമാണ്.കാടുകളും മലകളും പുഴകളും നിറഞ്ഞ ഈ പ്രദേശത്തിലെ കാട്ടിലൂടെ 13 km യാത്ര ചെയ്താൽ മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ എത്തിച്ചേരാം.ഭൂരിഭാഗം വരുന്നത് തോട്ടം തൊഴിലാളികളാണ് .ഈ പ്രദേശത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് പല പ്രകൃതി ക്ഷോഭങ്ങൾക്കും ഗ്രാമം സാക്ഷ്യം വഹിച്ചിട്ടുണ്ട്.1984ൽ അതി ശക്തമായ കാറ്റിലും മഴയിലും പ്രദേശത്ത് ഉരുൾപൊട്ടലുണ്ടായി.മുണ്ടക്കൈ ഗ്രാമത്തിന്റെ ഒരു പ്രദേശം തന്നെ ഉരുൾപൊട്ടലിൽ നഷ്ടമായി.ഈ കുഗ്രാമത്തിൽ നിന്നും പ്രാഥമിക വിദ്യാഭ്യാസം നേടാൻ മരപ്പാലത്തിലൂടെ സഞ്ചരിച്ച് വേണമായിരുന്നു 5 km അകലെ ഉള്ള അട്ടമലയിലെ വിദ്യാലയത്തിലെത്താൻ.ഇത്തരം പ്രകൃതി ദുരന്തങ്ങൾ താണ്ടിയുള്ള ഈ യാത്ര വളരെ ദുഷ്കരവും അപകടം നിറഞ്ഞതുമായിരുന്നു.അതുകൊണ്ട് തന്നെ മാതാപിതാക്കൾ കുട്ടികളെ പ്രാഥമിക വിദ്യാഭ്യാസത്തിനയക്കാൻ വൈമനസ്യം കാണിച്ചിരുന്നു.ഇത് പ്രദേശത്തെ വിദ്യാഭ്യാസ പുരോഗതിയെ സാരമായി ബാധിച്ചു.ഈ പരിതസ്ഥിതിയിൽ ഇതിനൊരു പരിഹാരമായി പ്രദേശത്തെ സുമനസുകൾ സംഘടിക്കുകയും കലക്ടറെ തങ്ങളുടെ വിഷമാവസ്ഥ അറിയിക്കുകയും അദ്ദേഹത്തിന്റെ അനുമതിയോടെ DPEP യുടെ നേതൃത്വത്തിൽ സ്ഥലത്തെ മദ്രസ കെട്ടിടത്തിൽ അനൗപചാരിക വിദ്യാഭ്യാസം ആരംഭിക്കുകയും ചെയ്തു.ഇതിനു വേണ്ട മാർഗ നിർദേശങ്ങളും നേതൃത്വവും നൽകിയത് അന്നത്തെ വയനാട്

ജില്ലാ ഡയറ്റ് പ്രിൻസിപ്പാൾ ലക്ഷ്മണൻ സാറായിരുന്നു. അദ്ദേഹത്തെ ഈ അവസരത്തിൽ ഞങ്ങൾ നന്ദിയോടെ ഓർക്കുന്നു. ശേഷം വിദ്യാലയത്തിനു വേണ്ടി ഹരിസൺസ് മലയാളം ലിമിറ്റഡ് അര ഏക്കർ സ്ഥലം അനുവദിച്ചു തരികയും അഞ്ച് മുറകളോട്ടു കൂടിയ കെട്ടിടം പണി ആരംഭിക്കുകയും 1998-99 അക്കാദമിക വർഷത്തിൽ സർക്കാർ വക വിദ്യാലയമായി തുടക്കം കുറിച്ചു.
2024 ജൂലൈ 30 ന് മുണ്ടക്കൈ ഭാഗത്തുണ്ടായ ശക്തമായ ഉരുൾപൊട്ടലിൽ സ്കൂളിന്റെ ഒരു ഭാഗം തകരുകയും 11 കുട്ടികൾ ദുരന്തത്തിലകപ്പെടുകയുമുണ്ടായി. 2024 സെപ്തംബർ 5 ന് േമേപ്പാടി പഞ്ചായത്തിന്റെ എപിജെ അബ്ദുൽ കലാം കമ്മ്യൂണിറ്റി ഹാളിലേക്ക് താൽക്കാലികമായി സ്കൂൾ മാറ്റി സ്ഥാപിക്കുകയും ഇപ്പോൾ സ്കൂൾ അവിടെ പ്രവർത്തിച്ചുവരികയും ചെയ്യുന്നു. പി.ടി.എ നടത്തുന്ന പ്രീസ്കൂൾ മുതൽ 4-ാം ക്ലാസ് വരെയാണ് ഈ വിദ്യാലയത്തിലുള്ളത്. 1 മുതൽ 4 വരെ ക്ലാസുകളിലായി 48 കുട്ടികൾ പഠിക്കുന്നു.

# മലയാളം

| ക്രമ നമ്പർ | മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല / പിന്തുണ സംവിധാനം | സാമ്പത്തികം | റിമാർക്സ് / അവതരണ സന്ദർഭങ്ങൾ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| I | ഭാഷ ( ശ്രവണം വായന) | ❖ സാഹിത്യ രചനകൾ കഥ കവിത നാടൻപാട്ട് വിവരണം വാമൊഴി വഴക്കങ്ങൾ പഴഞ്ചൊല്ല് കടങ്കഥ നാടോടി കഥകൾ വായ്ത്താരികൾ എന്നിവ വായിച്ചുകേട്ടും സ്വയം വായിച്ചും ആസ്വദിക്കുന്നു | ❖ നാടൻപാട്ട് ശില്പശാല<br>❖ ചൊൽ കവിതകൾ അവതരണം<br>❖ പഴഞ്ചൊൽ ശേഖരണം<br>❖ കടങ്കഥ പയറ്റ്<br>❖ കടങ്കഥ പതിപ്പ്<br>❖ കഥോത്സവം (ശില്പശാല )<br>❖ പാട്ടുത്സവം (ശില്പശാല )<br>❖ വായ്ത്താരികൾ അവതരണം<br>❖ ഒരു ദിനം ഒരു കഥ | ജൂൺ - ആദ്യവാരം<br>ജൂൺ - മാർച്ച്<br><br>ജൂലൈ ആഗസ്റ്റ് | SMC<br>SRG<br>പ്രാദേശിക വിദഗ്ധർ | | അസംബ്ലി<br>ബാലസഭ<br>പാട്ടുത്സവം<br>കഥോത്സവം<br>പഠനോത്സവം |
| 2 | വായന | സ്വതന്ത്ര വായന പ്രോത്സാഹിപ്പിക്കുക | ❖ സ്കൂൾ ലൈബ്രറി സജ്ജമാക്കൽ<br>❖ ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ<br>❖ വായന സാമഗ്രികളുടെ നിർമാണം<br>❖ ചിത്ര വായന (1 2 ക്ലാസുകൾക്ക്)<br>❖ അമ്മ വായന പ്രോത്സാഹിപ്പിക്കൽ<br>❖ കഥാ വായന കവിത വായന<br>❖ കുഞ്ഞുവായന<br>❖ അമ്മയും കുട്ടിയും കൂടിയുള്ള വായന<br>❖ ഇഷ്ടകഥാപാത്രങ്ങളെ ചിത്രീകരിക്കൽ<br>❖ E -വായന<br>❖ റീഡേഴ്സ് തീയേറ്റർ<br>❖ ഭാവാത്മകവായന | ജൂൺ - 19<br><br>ജൂൺ -19<br><br>ജൂൺ - മാർച്ച് | അധ്യാപകർ<br>SRG<br>SMC<br>പ്രാദേശിക വിദഗ്ധർ | | സ്കൂൾ അസംബ്ലി<br><br>പ്രഭാത സർഗ്ഗ വേള<br><br>ബാലസഭ<br>പഠനോത്സവം<br><br>സോഷ്യൽ മീഡിയ |

| | | | | | | | |
|---|---|---|---|---|---|---|---|
| | ലേഖനം | സ്വതന്ത്രമായി സർഗാത്മക രചനകളിൽ ഏർപ്പെടുന്നു. | ❖ ചിത്രകാർഡ് തയ്യാറാക്കൽ<br>❖ ചിത്രവിവരണം<br>❖ അക്ഷര ചിത്രങ്ങൾ തയ്യാറാക്കൽ<br>❖ സംയുക്ത ഡയറി<br>❖ എൻറെ ഡയറി<br>❖ രചന മത്സരം<br>❖ സർഗാത്മക രചനകൾക്ക് പ്രോത്സാഹിപ്പിക്കാൻ<br>❖<br>❖ രചനോത്സവശില്പശാല<br>❖ ചിത്രക്കാർഡ് /വായനക്കാർഡ്തയ്യാറാക്കൽ ശില്പശാല | ജൂൺ - മാർച്ച്<br><br><br><br><br><br><br><br><br><br><br><br><br>ജൂലൈ | | | |

# ഇംഗ്ലീഷ്

| ക്രമ നമ്പർ | മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല / പിന്തുണ സംവിധാനം | സാമ്പത്തികം | റിമാർക്സ് / അവതരണ സന്ദർഭങ്ങൾ |
|---|---|---|---|---|---|---|---|
| I | ശ്രവണം | ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരംഒരുക്കൽ | ❖ ഇംഗ്ലീഷ് കഥകൾ, rhymes ,വിവരണം എന്നിവ കേൾക്കാൻ അവസരം.<br>❖ കാർട്ടൂൺപ്രദർശനം.<br>❖ ലഘു സംഭാഷണങ്ങൾ.<br>❖ ലാംഗ്വേജ് ഗെയിംസ്.<br>❖ വിവിധ പ്രവർത്തനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ ഇംഗ്ലീഷിൽ നൽകൻ | ജൂലൈ - മാർച്ച് | **SRG SMC** | | |
| **2** | ഭാഷണം | ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള അവസരം ഒരുക്കൽ | ❖ ഇംഗ്ലീഷ് അസംബ്ലി<br>❖ ലഘു സംഭാഷണങ്ങളുടെ അവതരണം.<br>❖ അതിഥികളുമായി സംസാരിക്കാനുള്ള അവസരം. | ജൂലൈ - മാർച്ച് | | | സ്കൂൾ അസംബ്ലി<br>ബാലസഭ<br>പഠനോത്സവം |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | (ഓൺലൈൻ ഓഫ് ലൈൻ )<br>❖ സ്കിറ്റുകളുടെ അവതരണം.<br>❖ സ്കൂൾ റേഡിയോ<br>❖ ഇൻറർവ്യൂ വിത്ത് ഗസ്റ്റ്<br>❖ റീഡേഴ്സ് തിയേറ്റർ.<br>❖ ഒരു ദിവസം ഒരു വാക്ക് ഒരു വാക്യം | | **SRG**<br>SMC<br>വിഷയ വിദഗ്ധരുടെ സേവനം | | |
| **3** | വായന | ആശയ ഗ്രഹണ വായനയ്ക്കുള്ള അവസരമൊരുക്കൽ | ❖ ക്ലാസ് ലൈബ്രറി<br>❖ ഇംഗ്ലീഷ് കഥകൾ ഇംഗ്ലീഷ് കോർണറിൽ ഒരുക്കൽ<br>❖ വായന കാർഡുകൾ തയ്യാറാക്കൽ<br>❖ E -വായന | | | | |
| **4.** | രചന | സ്വതന്ത്ര രചനയ്ക്കുള്ള അവസരം ഒരുക്കൽ | ❖ ഡയറി തയ്യാറാക്കൽ വിവരണം തയ്യാറാക്കൽ<br>❖ വായന സാമഗ്രികൾ തയ്യാറാക്കൽ<br>❖ വരികൾ കൂട്ടിച്ചേർക്കൽ<br>❖ പോസ്റ്റർ / നോട്ടീസ് രചന<br>❖ ലാംഗ്വേജ് ഗെയിംസ്<br>❖ ഇംഗ്ലീഷ് മാഗസിൻ | ജൂൺ - മാർച്ച്<br><br>ആഗസ്റ്റ് | SRG<br>രക്ഷിതാക്കൾ<br>പ്രാദേശിക പ്രഗത്ഭർ | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | ഫെബ്രുവരി | | | പഠനോത്സവത്തിൽ പ്രകാശനം |

# അറബി

| ക്രമ നമ്പർ | മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല / പിന്തുണ സംവിധാനം | സാമ്പത്തികം | റിമാർക്സ് / അവതരണ സന്ദർഭങ്ങൾ |
|---|---|---|---|---|---|---|---|
| | വായന | തെറ്റ് കൂടാതെ വായിക്കാനുള്ള കഴിവുണ്ടാകുന്നു. | ❖ ചിത്ര വായന<br>❖ അക്ഷര വായന<br>❖ ക്ലാസ് വായന<br>❖ വീട് വായന<br>❖ വായന മത്സരങ്ങൾ<br>❖ അക്ഷരങ്ങൾ ഉറപ്പിക്കൽ<br>❖ വാക്യങ്ങൾ ഉറപ്പിക്കൽ | ജൂൺ - മാർച്ച് | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | ❖ ഇ-വായന | | | | |
| | ഭാഷണം | അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന് | ❖ ലാംഗ്വേജ് ഗെയിംസ്<br>❖ റോൾപ്ലേ ക്ലാസ്<br>❖ സംഭാഷണം<br>❖ കാർട്ടൂൺ പ്രദർശനം<br>❖ പദസമ്പത്ത് വർദ്ധിപ്പിക്കൽ<br>❖ ഡിഷ്ണറി ടെസ്റ്റ് ഉപയോഗിച്ച് സംഭാഷണങ്ങൾ | | | | |
| | ലേഖനം | അറബി ഭാഷ എഴുത്തിന്റെ പരിപോഷണം | ❖ അക്ഷരങ്ങൾ ഉറപ്പിക്കൽ<br>❖ പദങ്ങൾ ഉറപ്പിക്കൽ<br>❖ ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>❖ കൂട്ടിയെഴുത്ത്<br>❖ അക്ഷരക്കാട് നിർമ്മാണം<br>❖ കയ്യെഴുത്ത് മാസിക<br>❖ ചുമർപത്രിക നിർമ്മാണം<br>❖ ചാർട്ട് എഴുത്ത്<br>❖ പദപരിചയം ഒരു ദിവസം ഒരു പദം | | | | |

# ഗണിതം

| ക്രമ നമ്പർ | മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല / പിന്തുണ സംവിധാനം | സാമ്പത്തികം | റിമാർക്സ് / അവതരണ സന്ദർഭങ്ങൾ |
|---|---|---|---|---|---|---|---|
| | ഗണിതം | ഗണിത പഠനം രസകരമാക്കുക രക്ഷിതാക്കളുടെ പിന്തുണ ഗണിത പഠനത്തിൽ ഉറപ്പുവരുത്തുക | കണക്കുപെട്ടി ക്ലാസ് തരത്തിലും ഓരോ കുട്ടിക്കും കണക്കുപെട്ടി തയ്യാറാക്കുന്നു. കണക്കുപെട്ടിയിലേക്കുള്ള വസ്തുക്കൾ ഉണ്ടാക്കാൻ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു<br>❖ ക്ലാസ്സിൽ ഗണിതലാബ് ഒരുക്കുന്നു<br>❖ പഠനോപകരണങ്ങൾ തയ്യാറാക്കുന്നു<br>❖ ഗണിത മധുരം ശില്പശാല | ജൂൺ - ആദ്യവാരം<br>ജൂൺ - മാർച്ച് | SRG<br>SMC<br>പൂർവവിദ്യാർഥികൾ<br>പ്രാദേശിക വിദഗ്ധർ | | |
| | | ഗണിത പഠനത്തിലൂടെ യുക്തിചിന്ത വർദ്ധിപ്പിക്കുക | ❖ ക്ലാസ്സിൽ ഒരു പസിൽ കോർണർ സജ്ജീകരിക്കുന്നു<br>❖ ഓരോ മാസത്തെയും ഫസലുകൾ ക്രോഡീകരിച്ച് പതിപ്പാക്കുന്നു | ജൂൺ - മാർച്ച് | | | അസംബ്ലി ബാലസഭ |
| | | ഗവേഷണ താൽപര്യം വർദ്ധിപ്പിക്കുക | ലഘു അന്വേഷണ പ്രോജക്ടുകൾ | ജൂൺ - മാർച്ച് | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ICT സാധ്യതകൾ ഉപയോഗിച്ച് ഗണിത പഠനം ആകർഷകമാക്കുക | ICT ഉപയോഗിച്ച് ഗണിതത്തിലെ കളികൾ പരിചയപ്പെടുത്തുകയും ഗണിത കേളികളിൽ ഏർപ്പെടാൻ അവസരം നൽകുകയും ചെയ്യുന്നു | ജൂൺ - മാർച്ച് | | | |
| | | വിവിധ ജാമിതീയ രൂപങ്ങൾ പരിചയപ്പെടുത്തുന്നതിനും അവയുടെ സവിശേഷതകൾ ചർച്ച ചെയ്യുന്നതിനും വരയ്ക്കുന്നതിനും രൂപീകരിക്കുന്നതിനും ആസ്വദിക്കുന്നതിനുള്ള അവസരം | ❖ ഗണിത മേള<br>❖ ജാമിതീയ രൂപങ്ങൾ ഉപയോഗിച്ച് രൂപങ്ങൾ ഉണ്ടാക്കുകയും പ്രദർശനം സംഘടിപ്പിക്കുകയും ചെയ്യൽ | ജൂൺ - മാർച്ച് | | | ഗണിതോത്സ വം പഠനോത്സവം |
| | | സംഖ്യാബോധം സംഖ്യാ വ്യാഖ്യാനം | ❖ ഗണിത വിജയം<br>❖ ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ<br>❖ സംഖ്യ പോക്കറ്റ്<br>❖ അബാക്കസ്<br>❖ സംഖ്യ സ്ലിപ്പ് തയ്യാറാക്കൽ<br>❖ എണ്ണൽ വസ്തുക്കൾ ശേഖരണം | | | | |
| | | മനക്കണക്കായി ക്രിയകൾ ചെയ്യുന്നതിനും ഖനനചിന്ത പ്രോത്സാഹിപ്പിക്കുന്നതിനും അവസരം ഒരുക്കുക പ്രായോഗിക പ്രശ്നം നിർദ്ധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരുന്നു | ❖ അബാക്കസ് പരിശീലനം<br>❖ പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യാൻ തക്കവണ്ണമുള്ള | ജൂൺ - മാർച്ച് | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | അവസരങ്ങൾ ഒരുക്കുന്നു<br>❖ സ്കൂൾ സ്റ്റോർ | | | | |
| | | നാലാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുക | ഗണിത കേളികൾ ഗണിത ലാബ് പ്രവർത്തനങ്ങൾ | ജൂലൈ -മാർച്ച് | | | |

# ശാസ്ത്രം

| ക്രമ നമ്പർ | മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല / പിന്തുണ സംവിധാനം | സാമ്പത്തികം | റിമാർക്സ് / അവതരണ സന്ദർഭങ്ങൾ |
|---|---|---|---|---|---|---|---|
| | | ശാസ്ത്രത്തിൽ അഭിരുചിയും താല്പര്യവും വളർത്തുക ശാസ്ത്രബോധം | ❖ വളരുന്ന ശാസ്ത്ര ലാബ് ഒരുക്കൽ<br>❖ ആഴ്ചയിൽ ഒരു പരീക്ഷണം<br>❖ ഫീൽഡ് ട്രിപ്പ്<br>❖ ശാസ്ത്രക്യാമ്പ്<br>❖ വാനനിരീക്ഷണം<br>❖ ശാസ്ത്ര ലൈബ്രറി<br>❖ പക്ഷി നിരീക്ഷണം | ജൂൺ - ഫെബ്രുവരി<br>ജൂൺ - മാർച്ച്<br>- ഒക്ടോബർ<br>- ജൂൺ | എസ് ആർ ജി<br><br>രക്ഷിതാക്കൾ<br>വിഷയവിദഗ്ധർ | | |
| | | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. പ്രകൃതിയിലെ വൈവിധ്യം മനസ്സിലാക്കുക | ❖ സ്കൂൾ പച്ചക്കറി കൃഷി<br>❖ പൂന്തോട്ടം<br>❖ വിവിധ പരിസ്ഥിതി വിഷയങ്ങളിൽ പോസ്റ്റർ നിർമ്മാണം<br>❖ വീട്ടിലൊരു കൃഷിത്തോട്ടം | ജൂൺ - മാർച്ച് | | | |
| | | ഗവേഷണ ആഭിമുഖ്യം വളർത്തുക | ❖ വിവിധ സർവ്വേകൾ<br>❖ ശേഖരണങ്ങൾ<br>❖ ലഘു പ്രൊജക്ടുകൾ | | | | ശാസ്ത്രോത്സവം<br>സ്കൂൾ അസംബ്ലി<br>ബാലസഭ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ശുചിത്വം മാലിന്യ സംസ്കരണം എന്നിവയെ കുറിച്ചുള്ള അവബോധം വളർത്തുക | ❖ ശുചിത്വം മാലിന്യ സംസ്കരണം<br>❖ ഡ്രൈ ഡേ ആചരണം വ്യക്തി ശുചിത്വം ബോധവൽക്കരണ ക്ലാസ്<br>❖ സീറോ വേസ്റ്റ് ക്ലാസ്സ് റൂം<br>❖ പ്ലാസ്റ്റിക്പുനരുപയോഗത്തിലൂടെ പഠനോപകരണങ്ങൾ നിർമ്മാണം, പൂന്തോട്ടം ഒരുക്കൽ<br>❖ മാലിന്യ സംസ്കരണ സർവ്വേ | ജൂൺ - മാർച്ച് വെള്ളിയാഴ്ചകളിൽ<br><br>ജൂൺ മുതൽ മാർച്ച് വരെ<br><br>അതാത് പാഠഭാഗവുമായി ബന്ധപ്പെട്ട് ആഗസ്റ്റ് | | | |

# ആരോഗ്യ കായിക കല പ്രവൃത്തി പരിചയ വിദ്യാഭ്യാസം

| ക്രമ നമ്പർ | മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല / പിന്തുണ സംവിധാനം | സാമ്പത്തികം | റിമാർക്സ് / അവതരണ സന്ദർഭങ്ങൾ |
|---|---|---|---|---|---|---|---|
| | | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | ആരോഗ്യം | ആരോഗ്യകരമായ ജീവിതശീലങ്ങളും മനോഭാവങ്ങളും വളർത്തുക | ❖ വ്യക്തി ശുചിത്വം<br>❖ പരിസര ശുചിത്വം<br>❖ ബോധവൽക്കരണ ക്ലാസ്<br>❖ പോഷകാഹാരം ഉറപ്പുവരുത്തൽ<br>❖ ഭക്ഷ്യമേള<br>❖ | ജൂൺ -മാർച്ച് | അധ്യാപകർ<br>വിഷയവിദഗ്ധർ<br>ഡോക്ടർമാർ | | |
| | കായികം | കുട്ടികളിൽ കായിക ക്ഷമതയും കായിക സാക്ഷരതയും ഉറപ്പുവരുത്തുക | ❖ ലഘു വ്യായാമങ്ങൾപരിശീലിപ്പിക്കുന്നു<br>❖ സുംബ ഡാൻസ്<br>❖ ഫുട്ബോൾ പരിശീലനം<br>❖ ഹെൽത്തി കിഡ്സ് പ്രവർത്തനങ്ങൾ | ജൂൺ -മാർച്ച് | അധ്യാപകർ<br>രക്ഷിതാക്കൾ<br>പ്രദേശത്തുള്ളകായിക മേഖലയിലെ പ്രഗൽഭർ | | |
| | കല പ്രവർത്തി പരിചയം | കുട്ടികളുടെ കലാപരവും സൃഷ്ടിപരവുമായ കഴിവുകളെ വികസിപ്പിക്കൽ<br>നൈപുണി വികസനം എന്നിവ ഉറപ്പു വരുത്തൽ | ❖ നാടൻപാട്ട് ശില്പശാല<br>❖ ബാലസഭ<br>❖ പ്രവർത്തിപരിചയവുമായി ബന്ധപ്പെട്ട വിവിധ ശില്പശാലകൾ | ജൂൺ - മാർച്ച്<br>എല്ലാ ആഴ്ചയിലും | വിവിവിധ മേഖലകളിലെകലാകാരന്മാർ | | |